പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6683 | 09.11. 2016 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിലെ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ നികത്താൻ നടപടി**

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ
" മോൻസ് ജോസഫ്
" സി.എഫ്.തോമസ്
ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ(കേഡർ തസ്തിക) ഉണ്ട്; മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ എത്ര നിയമനങ്ങൾ നടത്തി; വ്യക്തമാക്കുമോ; | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ അസിസ്റ്റന്റ് എന്ന പേരിൽ ഒരു തസ്തികയില്ല. |
| (ബി) കെ.എസ്.ഇ.ബി-യിൽ നിലവിൽ എത്ര അസിസ്റ്റന്റ് തസ്തികൾ ഒഴിഞ്ഞുകിടക്കുന്നു; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു; വ്യക്തമാക്കുമോ | (ബി) ബാധകമല്ല |
| (സി) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.യിൽ എത്ര സെക്ഷനുകൾ പുതുതായി ആരംഭിച്ചുവെന്നും പ്രസ്തുത സെക്ഷനുകളിൽ എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.യിൽ പുതുതായി 84 സെക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 14 എണ്ണം ഇനിയും പ്രവർത്തനം ആരംഭിക്കാനുണ്ട്. ഇതിൽ 3 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലേക്ക് ആവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ പുതുതായി സൃഷ്ടിക്കാനും ക്യാഷ്യർ മാരുടേയും സീനിയർ അസിസ്റ്റന്റ് മാരുടേയും ബാക്കിയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ മാരുടേയും തസ്തികകൾ ഉചിതമായ പുനർവിന്യാസത്തിലൂടെ കണ്ടെത്താനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് നിയമനം നടത്താൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി – ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ